## മധുരമായ കുട്ടികളേ - ബാബ വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികളെ തനിക്കു സമാനം അശരീരിയാക്കി മാറ്റാൻ, നിങ്ങൾ അശരീരിയായി മാറുമ്പോൾ നിങ്ങൾക്ക് ബാബയോടൊപ്പം തിരിച്ചു പോകാൻ സാധിക്കും.

**ചോദ്യം**:- ബാബയുടെ ഏത് ആജ്ഞ പ്രകാരം നടക്കുന്നവർക്ക് നിരന്തര യോഗിയായി മറാൻ സാധിക്കും?
**ഉത്തരം**:- ബാബയുടെ ഒന്നാമത്തെ ആജ്ഞയാണ്, കുട്ടകളേ നിങ്ങൾക്ക് ഈ ദേഹത്തെ മറക്കണം. ഇതിനെ മറന്ന് സ്വയം ആത്മാവാണെന്ന നിശ്ചയം വെയ്ക്കൂ, എങ്കിൽ നിങ്ങൾക്ക് നിരന്തരം ബാബയുടെ ഓർമ്മയുണ്ടാകും. സദാ ഈ പാഠം ഉറപ്പിയ്ക്കൂ, അതായത് ഞാൻ ആത്മാവ് നിരാകാരലോക വാസിയാണ്, ഇതിലൂടെ നിങ്ങളുടെ ദേഹ-അഹങ്കാരം ഇല്ലാതാകും. ബുദ്ധിയിൽ ഒരു ദേഹധാരിയുടേയും ഓർമ്മ വരരുത്, അപ്പോൾ നിരന്തര യോഗിയായി മാറാൻ സാധിക്കും.

**ഗീതം**:- അങ്ങയെ നേടിയ ഞങ്ങൾ.....

**ഓം ശാന്തി**. ഇതാ ആരാണ് പറഞ്ഞത്? ആത്മാവ് പറയുകയാണ്, ഞാൻ ശാന്ത സ്വരൂപ ആത്മാവാണ്. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഒന്നാമതായി സ്വയം ആത്മാവാണെന്ന നിശ്ചയം ചെയ്യൂ. ഞാൻ ആത്മാവാണ് ആദ്യം, പിന്നീടാണ് ഈ ശരീരം ലഭിക്കുന്നത്. നാം ആത്മാക്കൾ ആരുടെ സന്താനമാണ്? ആ ശാന്തി സാഗരന്റെ, ജ്ഞാനസാഗരനായ പരമപിതാ പരമാത്മാവിന്റെ. പരമാത്മാവ് സദാ ശാന്തനാണ്. നാം ആത്മാക്കൾ ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്നെടുക്കുന്നു, പാർട്ടഭിനയിക്കുന്നു. ശിവ ബാബ വിചിത്രനാണ്. നിങ്ങൾക്ക് നിങ്ങളുടെ ചിത്രമുണ്ട് (ശരീരം). ശരീരത്തിലൂടെ സംസാരിച്ചു കൊണ്ടേയിരിയ്ക്കുന്നു. ബാബ പറയുകയാണ്, ഞാൻ സദാ വിചിത്രനാണ്, ബ്രഹ്മാ-വിഷ്ണു-ശങ്കരന്മാർ സൂക്ഷ്മ ശരീരധാരികളാണ്. ഞാൻ വിചിത്രനാണ്. നിങ്ങൾ ആത്മാക്കളും എന്നോടൊപ്പം നിർവാണധാമവാസികളാണ്. വിചിത്രനായ ബാബയാണ് ഇപ്പോൾ നിങ്ങളോട് സംസാരിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ, ഇത് ദുഃഖധാമമാണ്. പറയാറുമുണ്ട് എല്ലാവരും പതിതരാണെന്ന്. പക്ഷെ, നമ്മെ ഇങ്ങനെ പതിതരാക്കി മാറ്റിയതാരാണ്? ബാബയൊന്നുമല്ല. ബാബയുടെ മഹിമയാണ് പാടുന്നത്, അങ്ങ് തന്നെയാണ് മാതാവും-പിതാവും.... അങ്ങയിൽ നിന്ന് അളവറ്റ സുഖം ലഭിച്ചിരുന്നു, അവരെ എല്ലാ ഭാരതവാസികളും ഓർമ്മിക്കുന്നു. സാഹോദര്യമാണ്. പിന്നീട് ശരീരധാരികളായി മാറുന്നു, പ്രജാപിതാ ബ്രഹ്മാവ് മുഖേന രചന രചിക്കുന്നു. ആത്മാവാണെങ്കിൽ അവിനാശിയാണ്. എന്നാൽ പിതൃത്വം എന്ന് പറയുകയില്ല. സന്യാസിമാർ പറയുകയാണ്, ശിവോഹം, തതത്വം, ഈശ്വരൻ സർവ്വവ്യാപിയാണ്, അങ്ങിനെയാണെങ്കൽ എല്ലാവരും അച്ഛന്മാരാകുന്നു. അത് നിയമവിരുദ്ധമാണ്. കുട്ടികൾ വിളിക്കുന്നതുതന്നെ മുക്തിയുടേയും ജീവൻ-മുക്തിയുടേയും സമ്പത്തിനുവേണ്ടിയാണ്. അതുകൊണ്ട് ഇവിടെ വരുമ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിയ്ക്കൂ, നമ്മളെല്ലാവരും ആത്മാക്കളാണ്. അല്ലാതെ, നമ്മളെല്ലാവരും പരമാത്മാവാണ്, അല്ല. നാം ആത്മാക്കളാണ്, പരമപിതാ പരമാത്മാവിന്റെ സന്താനങ്ങൾ, ബ്രാഹ്മണ-ബ്രാഹ്മിണിമാരാണ്. നിങ്ങളെല്ലാവരും ബ്രഹ്മാവിന്റെ കുട്ടികളും ശിവബാബയുടെ പേരക്കുട്ടികളുമാണ്. എല്ലാവരും പരമപിതാ പരമാത്മാവിനെയാണ് ഓർമ്മിക്കുന്നത്. ഓ ഗോഡ് ഫാദർ എന്നു പറഞ്ഞ് വിളിക്കുന്നു, അങ്ങനെയാണെങ്കിൽ എങ്ങനെ അവരെ സർവ്വവ്യാപിയെന്നു പറയാൻ കഴിയും, എങ്ങിനെ സമ്പത്തെടുക്കാൻ കഴിയും? ഭക്തിമാർഗ്ഗത്തിൽ എല്ലാവരും ഭഗവാനെ ഓർമ്മിക്കുന്നു. ഭഗവാൻ ഒന്നു മാത്രമാണ്. നിങ്ങളെല്ലാവരും ഭക്തരാണ്. പത്നികൾ അനേകമാണ്, പരമേശ്വരൻ അഥവാ പ്രിയതമൻ ഒന്നാണ്. അത് അച്ഛനാണ്, ബാക്കിയെല്ലാവരും കുട്ടികളാണ്. അതുകൊണ്ട് വേറെ ആരെയും ഓർമ്മിക്കരുത്. ബാബയുടെ ആജ്ഞയാണ്, കുട്ടികളേ, നിങ്ങൾ ഈ ദേഹത്തെപ്പോലും ഓർമ്മിക്കരുത്. സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ. ആത്മാവ് തന്നെയാണ് പറയുന്നത്, നമ്മൾ ദുഃഖിതരാണ്, ഭ്രഷ്ഠാചാരികളാണ്. ഇവിടെ ദേവീ രാജ്യമൊന്നുമില്ല. അയ്യായിരം വർഷം മുൻപ് ഭാരതത്തിൽ ലക്ഷ്മീ-നാരായണന്റെ രാജ്യമുണ്ടായിരുന്നു, ഏതുപോലെ രാജാവ് അതുപോലെ പ്രജകളും, സദാ സുഖികളായിരുന്നു. അകാല മരണമുണ്ടായിരുന്നില്ല. വളരെക്കുറച്ചുപേർ മാത്രമാണുണ്ടായിരുന്നത്. ഭാരതവാസികൾ ഇതെല്ലാം മറന്നിരിക്കുകയാണ്, അതായത് ഭാരതം ആദ്യം സ്വർഗ്ഗമായിരുന്നെന്നകാര്യം. ഹെവൻലി ഗോഡ് ഫാദർ എന്നു പറയാറുണ്ട്. ഹെവൻ മൂലവതനത്തിലൊന്നുമല്ലല്ലോ. ഈ കാര്യം ഓർമ്മിക്കണം, നമ്മൾ ആത്മാക്കൾ നിരാകാര ലോകവാസികളാണ്, ഒരു ദേഹധാരിയുടേയും ഓർമ്മ വരരുത്. ദേഹ-അഹങ്കാരമുപേക്ഷിച്ച് സ്വയം ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ഈ കുംഭമേള എന്നു പറയുന്നതൊന്നും തന്നെ ശ്രേഷ്ഠമായ സംഗമമല്ല.

സംഗമം എന്നു പറയുന്നത് കലിയുഗ അന്ത്യത്തിന്റെയും സത്യയുഗതുടക്കത്തിന്റെയും ഇടയ്ക്കുള്ള സമയത്തെയാണ്. കലിയുഗം എന്നു പറയുന്നത് പതിതമായ ലോകത്തെയാണ്, പാവനമായ ആരും തന്നെയുണ്ടാകുകയില്ല. മഹാത്മാക്കളുണ്ട്, പക്ഷെ ആരും തന്നെ പാവനമല്ല. എല്ലാവരും പറയുന്നു, ഇത് പതിത ലോകമാണെന്ന്. കുംഭമേളയിൽ പോകുന്നത് പാവനമാകാനാണല്ലോ. ഗംഗാ സ്നാനം ചെയ്യുന്നു, തീർച്ചയായും പതിതമാണ്. എല്ലാ സാധു–സന്യാസിമാരും പാവനമാകാൻ പോകുന്നു. ബാബ പറയുകയാണ്, ഞാൻ വരുന്നത് വളരെയധികം ഭ്രഷ്ഠാചാരമുണ്ടാകുമ്പോഴാണ്. മനുഷ്യർ വളരെ ദുഃഖിതരായി മാറുന്നു. ഞാൻ വന്ന് ഇവരെല്ലാവരുടെയും ഉദ്ധാരണം ചെയ്യുന്നു. അഹല്യകളേയും വേശ്യകളേയും സാധു–സന്യാസിമാരേയും ഗുരുക്കന്മാരേയും ഉദ്ധാരണം ചെയ്യാനാണ് ഞാൻ വരുന്നത് എന്തുകൊണ്ടെന്നാൽ അവർ പാവന ആത്മാക്കളല്ല. പതിത ലോകത്തിൽ ആരും തന്നെ പാവനമല്ല. പാവന ലോകത്തിൽ പതിതമായവരും ആരും തന്നെയില്ല. ആ നിയമമേയില്ല. സാധു–സന്യാസിമാർ സ്വയം മഹാൻ ആത്മാക്കളാണെന്ന് കരുതുന്നില്ല, സ്വയം പരമാത്മാവാണെന്നാണ് കരുതുന്നത്. ശിവോഹം എന്നാണ് പറയുന്നത്. പ്രാചീന മഹാത്മാക്കൾ പറഞ്ഞിരുന്നത് പരമാത്മാവ് അനന്തമാണെന്നാണ്. പരമാത്മാവ് രചയിതാവും, രചന പരിധിയില്ലാത്തതുമാണ്. അങ്ങിനെയാണെങ്കിൽ നിർവാണധാമത്തിലേയ്ക്ക് എങ്ങിനെ കൂട്ടിക്കൊണ്ടുപോകും? അവർക്കറിയില്ലായിരുന്നു ഭാരതം തന്നെയാണ് ജീവൻ–മുക്ത ദേശമെന്ന്. ആ സമയത്ത് മറ്റൊരു ധർമ്മവുമുണ്ടായിരുന്നില്ല. കേവലം സൂര്യവംശവും ചന്ദ്രവംശവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് സൂര്യവംശം മാറി, ചന്ദ്ര വംശമായിമാറി. പുനർജന്മത്തിൽ വരുന്നുണ്ടല്ലോ. 84 പുനർജന്മങ്ങളെടുക്കുന്നു. 84 ലക്ഷമല്ല, ഇത് വലിയ തെറ്റെഴുതിവെച്ചിരിയ്ക്കുകയാണ്. ബ്രഹ്മാവിന്റെ പകലും ബ്രഹ്മാവിന്റെ രാത്രിയും, എങ്കിൽ 84 ജന്മം വേണമല്ലോ. ബാബ പറയുകയാണ്, ഇപ്പോൾ നിങ്ങൾ ആരേയും ഓർമ്മിക്കേണ്ട. നമ്മൾ ആത്മാക്കൾ പരമ പ്രിയനായ പരമാത്മാ സന്താനങ്ങളാണ്. എന്നാൽ ഇങ്ങനെയല്ല, എല്ലാം പരമാത്മാവിന്റെ രൂപങ്ങളാണ്. ഇത് അസംഭവ്യമാണ്. ഇതുതന്നെയാണ് ഏറ്റവും വലിയ തെറ്റ്. അച്ഛൻ ഒരാൾ മാത്രമാണ്, ബാക്കിയെല്ലാവരും സന്താനങ്ങളാണ്. ആത്മാക്കൾ അന്യോന്യം സഹോദരങ്ങളാണ്. ശരീരത്തിൽ വരുമ്പോൾ പ്രജാപിതാ ബ്രഹ്മാവിനെ ഗ്രേറ്റ്–ഗ്രേറ്റ് ഗ്രാൻഡ് ഫാദർ(മുതുമുത്തച്ഛൻ) എന്ന് പറയുന്നു. ഏറ്റവും ആദ്യമാണ് ബ്രാഹ്മണർ. ഭാരതത്തിൽ വിരാട രൂപത്തിന്റെ ചിത്രവും കാണിക്കുന്നു. ബ്രാഹ്മണരാണ് ഏറ്റവും ഉയർന്നവർ, ഭഗവാന്റെ ഉയർന്നതിലും ഉയർന്ന സന്താനങ്ങൾ. ഇപ്പോൾ നിങ്ങൾ ഈശ്വരീയ സന്താനങ്ങളായി മാറിയിരിക്കുകയാണ്, ശിബാബയുടെ പേരമക്കളും പ്രജാപിതാ ബ്രഹ്മാവിന്റെ മക്കളും. ശിവബാബയുടെ കുട്ടികളെല്ലാവരും തന്നെ ആത്മാക്കളാണ്. നിങ്ങൾ ശിവബാബയിൽ നിന്ന് സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ്. ശിവബാബയാണ് സഞ്ചിനിറക്കുന്നവൻ. മായയാണ് കാലിയാക്കുന്നത്. പാടാറുമുണ്ട് പതിത–പാവനൻ സീതാ–രാമനാണെന്ന്. നിങ്ങൾ കുട്ടികൾക്കറിയാം സത്യ–ത്രേതായുഗമാണ് സുഖധാമം. അവിടെ ദുഃഖത്തിന്റെ പേരോ അടയാളമോയില്ല. സർവ്വരുടേയും പതിത–പാവനൻ ഒരേയൊരു ബാബയാണ്. ഇവിടെ ഹനുമാന്റെ ക്ഷേത്രത്തിലും പോയി പറയുന്നു, നീ തന്നെയാണ് മാതാവും പിതാവും.... ഇതെങ്ങിനെയാകാൻ കഴിയും? സർവ്വരുടേയും സത്ഗതി ദാതാവ്, പതിത–പാവനൻ ഒരേയൊരാളാണ്. അവർ തന്നെയാണ് ജ്ഞാന സാഗരൻ. സാഗരത്തിൽ നിന്നുൽഭവിക്കുന്ന ആ നദികളെല്ലാം വെള്ളമൊഴുകുന്ന നദികളാണ്. വെള്ളം ഒരിക്കലും പതിത–പാവനനാകുകയില്ല. ഒരു ഭൂഖണ്ഡത്തിലും ഇങ്ങനെ പറയുകയില്ല, അതായത് വെള്ളത്തിൽ കുളിച്ചാൽ പാവനമായി മാറി മുക്തി പ്രാപിക്കുമെന്ന്. ഇത് ഒരിക്കലും സംഭവ്യമല്ല. ഒന്നാണ് മുക്തി, അടുത്തതാണ് ജീവൻ–മുക്തി. സത്ഗതി, അഥവാ ജീവൻ മുക്തി ദാതാവ് ഒരേയൊരാളാണ്. ഇത് പതിത ലോകമാണ്. ഭാരതവാസികൾക്കറിയാം അയ്യായിരം വർഷം മുൻപ് ഭാരതത്തിൽ ലക്ഷ്മീ–നാരായണന്റെ രാജ്യമായിരുന്നു, മറ്റൊരു ഖണ്ഢവുമുണ്ടായിരുന്നില്ല. അയ്യായിരം വർഷത്തിന്റെ കാര്യം നിങ്ങൾ മറന്നിരിക്കുന്നു. ശേഷമാണ് മറ്റ് ഖണ്ഡങ്ങൾ വരുന്നത്. ഇപ്പോൾ ഇത്രയും വൃദ്ധിയെ പ്രാപിച്ചിരിക്കുകയാണ്. നോക്കൂ, കുട്ടികളേ, സദാ ഇതോർമ്മിക്കണം – കേൾക്കുമ്പോൾ ഇങ്ങനെ മനസ്സിലാക്കരുത്, ഈ ദാദയാണ് പറയുന്നതെന്ന്. ശിവബാബ, ആരാണോ സർവ്വരുടേയും രചയിതാവ്, അദ്ദേഹമാണ് സൃഷ്ടി രഹസ്യങ്ങൾ പറഞ്ഞു മനസ്സിലാക്കിത്തരുന്നത്. ഋഷി–മുനിമാരെല്ലാം പറഞ്ഞുകൊണ്ടിരിക്കുകയാണ് പരമാത്മാവ് അനന്തമാണ്, ഞങ്ങൾക്കറിയില്ലായെന്ന്. നിങ്ങൾ കുട്ടികളാണ് ആസ്തികർ, നിങ്ങൾ മനസ്സിലാക്കുകയാണ് ബാബ നമുക്ക് തന്റെയും സൃഷ്ടിയുടെയും ജ്ഞാനം നൽകിക്കൊണ്ടിരിക്കുകയാണെന്ന്. ത്രികാലദർശികളാക്കിമാറ്റുകയാണ്. ഋഷി–മുനികളാരും തന്നെ ത്രികാലദർശികളല്ല. ബാബ പറയുകയാണ് ദേവീ–ദേവതകളും ത്രികാലദർശികളല്ല. കേവലം ബ്രാഹ്മണർ മാത്രമാണ് ത്രികാലദർശികൾ. ഇത് ബ്രാഹ്മണരുടെ കുടുമയാണ്. ബ്രാഹ്മണരിൽ നിന്നാണ് പുതിയ സൃഷ്ടി രചിക്കപ്പെടുന്നത്. നിങ്ങളാണ് സർവ്വരിലും ശ്രേഷ്ഠർ. നിങ്ങൾ ബാബയുടെ ശ്രീമതപ്രകാരം ഭാരതത്തെ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമാക്കിമാറ്റുന്നു. ശ്രീമതം ഭഗവാന്റേതാണ്, കൃഷ്ണന്റേതല്ല. കൃഷ്ണൻ പതിത–പാവനനല്ല. പതിത പാവനൻ ഒന്നുമാത്രമാണ്. അവർ സർവ്വരുടേയും പിതാവാണ്. സദാ ഇതോർമ്മിക്കണം – ഞാൻ ഈ അവയവങ്ങളിലൂടെ കേട്ടുകൊണ്ടിരിക്കുക

യാണ്. ആത്മാഭിമാനി ഭവ. ഞാൻ ആത്മാക്കൾക്ക് ജ്ഞാനം നൽകിക്കൊണ്ടിരിക്കുകയാണ്, അതുകൊണ്ടാണ് പറയുന്നത് – ജ്ഞാന അഞ്ജനം സത്ഗുരു നൽകി..... അവർ തന്നെയാണ് പതിത–പാവനൻ, സത്ഗതി ദാതാവ്. അച്ഛൻ കുട്ടികളെ സൃഷ്ടിക്കുന്നു, പിന്നെ ടീച്ചറായി പഠിപ്പിക്കുന്നു, ശേഷം ഗുരുവായി സത്ഗതി നൽകുന്നു. സത്ഗതിയിലേയ്ക്ക് കൊണ്ടുപോകുന്നവൻ സത്ഗതി ദാതാവായ ഒരേയൊരു ബാബയാണ്. നിങ്ങൾ കുട്ടികൾ പുതിയ ലോകത്തിലേക്ക് പോകുന്നതിനുവേണ്ടി, അതായത് മനുഷ്യനിൽ നിന്ന് ദേവതയാകുന്നതിനു വേണ്ടി ഈ പഠനം പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഈ പതിത മനുഷ്യ സൃഷ്ടി വിനാശം പ്രാപിച്ച് ദൈവീക ലോകമുണ്ടാകാൻ പോകുകയാണ്. ഇപ്പോൾ ദേവതകളെ പൂജിക്കുന്നു, പക്ഷെ നാം ദേവീ–ദേവതാ ധർമ്മത്തിൽപ്പെട്ടവരാണെന്ന് പൂജിക്കുന്നവർ മനസ്സിലാക്കുന്നില്ല. പൂജിക്കുന്നവർ തീർച്ചയായും ആ ധർമ്മത്തിലുള്ളവരായിരിക്കണമല്ലോ. ഭാരതവാസികളുടേത് ആദി സനാതന ദേവീ–ദേവതാ ധർമ്മമായിരുന്നു, സ്വർഗ്ഗമായിരുന്നു. ഇപ്പോൾ പറയുകയാണ് – മനുഷ്യർ 84 ലക്ഷം ജന്മങ്ങളെടുക്കുന്നു. എന്താ, എല്ലാവരുമെടുക്കുന്നുണ്ടോ? ഇത്രയും ലക്ഷം ജന്മങ്ങളെടുക്കുന്നുവെങ്കിൽ അതിന് എത്ര വലിയ കല്പം വേണ്ടിവരും. ഡ്രാമയനുസരിച്ചാണ് ഈ കളിയും ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. കഴിഞ്ഞതെല്ലാം ഡ്രാമ! മൂലവതനം, സൂക്ഷ്മവതനം മുതലായവയെല്ലാം നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയുകയുള്ളൂ. നിങ്ങൾ സ്വദർശന ചക്രധാരികളാണ്. അവർ വിഷ്ണുവിനെയാണ് സ്വദർശൻ ചക്രധാരിയെന്നു പറയുന്നത്. ബാബ പറയുകയാണ് – വിഷ്ണുവിന്റെ രണ്ടുരൂപങ്ങളായ ലക്ഷ്മീ–നാരായണനൻ പോലും സ്വദർശൻ ചക്രധാരിയല്ല. നിങ്ങൾ ബ്രാഹ്മണരാണ് സ്വദർശന ചക്രധാരികൾ. എത്ര വ്യത്യാസമാണ് വരുന്നത്! അവർ പറയുകയാണ്, കൃഷ്ണന് സ്വദർശന ചക്രമുണ്ടായിരുന്നു. യുദ്ധക്കളത്തിൽ ചക്രം ചലിപ്പിച്ചു, കൗരവർ വധിക്കപ്പെട്ടു എന്നെല്ലാം. എന്നാൽ ദേവതകൾ ഒരിക്കലും ഹിംസ ചെയ്യുന്നില്ല. അവർ ഡബിൾ അഹിംസകരാണ്. അവരിൽ വികാരവുമില്ല, യുദ്ധവുമില്ല. ഏറ്റവും വലിയ ഹിംസയാണ് മറ്റുള്ളവരെ വിഷം കഴിപ്പിക്കുക എന്നത്; കാമ കഠാരി ചലിപ്പിക്കുന്നത്. ബാബ പറയുകയാണ് ഇതിനാൽ നിങ്ങൾ ആദി–മദ്ധ്യ–അന്ത്യം ദുഃഖം അനുഭവിച്ച് വന്നിരിക്കുകയാണ്. സത്യയുഗത്തിൽ കാമകഠാരി ഉപയോഗിച്ചിരുന്നില്ല. വികാരരഹിത രാജ്യമായിരുന്നു. സർവ്വ ഗുണസമ്പന്നരും മര്യാദാ പുരുഷോത്തമന്മാരുമായിരുന്നു. ഹിംസയേയുണ്ടായിരുന്നില്ല. ഈ സമയത്ത് രാവണരാജ്യമാണ്. അഞ്ച് വികാരങ്ങൾ സർവ്വവ്യാപിയാണ്. അവർ പറയുകയാണ്, പരമപിതാ സർവ്വവ്യാപിയാണെന്ന്. സയൻസ് ഈ വിമാനങ്ങളും മറ്റും ഉണ്ടാക്കിയിട്ട് നൂറു വർഷമേ ആയിട്ടുള്ളൂ – ഇതെല്ലാമെന്തിനാണ്? പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ വസ്തുക്കളെല്ലാം ഭാവിയിൽ ഉപയോഗത്തിൽ വരും. ഇവർ മുഖേന ഇപ്പോൾ സർവ്വതും വിനാശം പ്രാപിക്കും. പിന്നീട് ഇത് സുഖത്തിന്റെ കാര്യം ചെയ്യും. ഇവിടെയാണെങ്കിൽ സുഖവുമുണ്ട്, ദുഃഖവുമുണ്ട്. ഇതിനെയാണ് മായയുടെ ഷോ എന്നു പറയുന്നത്. വിനാശം വരിക എന്നത് നല്ലതല്ലേ. പറയുന്നുമുണ്ട് – പതിത–പാവനാ വരൂ എന്ന് – വന്നിട്ട് എന്ത് ചെയ്യും? ബാബാ, വീണ്ടും സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യൂ, ഞങ്ങൾ സുഖമനുഭവിക്കട്ടെ. ബാബ മനസ്സിലാക്കിത്തരുകയാണ് ഈ കളിയുണ്ടാക്കപ്പെട്ടതാണ്. ബാബ സുഖധാമം രചിക്കുന്നു, രാവണൻ പിന്നീട് ദുഃഖധാമമാക്കുന്നു. ശാന്തിധാമിൽ നിന്ന് ആത്മാക്കൾ ആദ്യം വരുന്നത് സുഖധാമത്തിലാണ്. പവിത്ര ആത്മാക്കളാണ് വരുന്നത്. ഈ സമയത്ത് എല്ലാവരും പതിതമാണ്. അതുകൊണ്ടാണ്, വരൂ എന്ന് പറഞ്ഞ് വിളിക്കുന്നത്. ബാബയും ഡ്രാമയുടെ ബന്ധനത്തിലാണ്. ബാബ പറയുകയാണ് എപ്പോഴാണ് എല്ലാവരും ദുഃഖിതരാകുന്നത്, അപ്പോഴാണ് എനിക്ക് വരേണ്ടിവരുന്നത്. കലിയുഗ അന്ത്യത്തിന്റെയും സത്യയുഗതുടക്കത്തിന്റെയും സംഗമമാണിത്. ആ സംഗമത്തിൽ കുംഭമേള ആഘോഷിക്കുന്നു. അത് സാഗരത്തിലെ വെള്ളവും നദികളിലെ വെള്ളവും തമ്മിലുള്ള മേളയാണ്. നിങ്ങൾ പറയും, ഇതാണ് പരമപിതാ പരമാത്മാവും നാം കുട്ടികളുമായുള്ള മേള. ബാബയ്ക്കാണെങ്കിൽ തന്റേതായ ശരിരം പോലുമില്ല. ബാബ പറയുകയാണ് എനിക്ക് ജ്ഞാനം നൽകുന്നതിന് തീർച്ചയായും ശരീരം വേണം. ഇല്ലെങ്കിൽ എങ്ങിനെ സംസാരിക്കാൻ സാധിക്കും, അതുകൊണ്ട് ഇദ്ദേഹത്തെ ദത്തെടുക്കുകയാണ്. നിങ്ങളിപ്പോൾ ഈശ്വരനു സന്മുഖമെത്തിയിരിക്കുകയാണ് – ബാബ മുഖേന മനസ്സിലാക്കുകയാണ് നാം ഈശ്വരീയ സന്താനങ്ങളാണെന്ന്. ഇപ്പോൾ പരമപിതാ പരമാത്മാവ് ചോദിക്കുകയാണ് ഞാൻ എങ്ങിനെ വരും? ആരിൽ പ്രവേശിക്കും? തീർച്ചയായും എനിക്ക് പതിത ലോകത്തിൽ, പതിത ശരീരത്തിൽ വരേണ്ടിയിരിക്കുന്നു. ഇവിടെ എല്ലാവരും കറുത്തവരാണ്. ബാബ പറയുകയാണ്, നിങ്ങൾ വെളുത്തവരായിരുന്നു. ഇപ്പോൾ കറുത്തിരിക്കുകയാണ്. നിങ്ങളോരോരുത്തരുടേയും പേരാണ് – ശ്യാമസുന്ദരൻ. ഇപ്പോൾ ശ്യാമവർണ്ണമായിരിക്കുകയാണ്. കൃഷ്ണനെ ശ്യാമസുന്ദരനെന്നു പറയുന്നല്ലോ. ഭാരതം മുമ്പെ തികച്ചും സുന്ദരമായിരുന്നു. സ്വർണ്ണിമമായിരുന്നു. ഒന്നാം നമ്പർ പ്രകൃതിയായിരുന്നു. അവിടെ മുടന്തരും മറ്റും ഉണ്ടായിരുന്നില്ല. കൃഷ്ണനാണ് ഒന്നാം നമ്പർ ശ്യാമസുന്ദരൻ. ശിവബാബ അദ്ദേഹത്തിന്റെ തന്നെ ശരീരത്തിന്റെ ആധാരമെടുത്ത് അദ്ദേഹത്തെയും ഒപ്പം നിങ്ങളെയും ശ്യാമനിൽ നിന്ന് സുന്ദരനാക്കുകയാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു

മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) നാം ബ്രാഹ്മണർ എല്ലാവരെക്കാളും ഉത്തമരാണ്, ഈ ലഹരിയിലിരുന്ന് ശ്രീമത പ്രകാരം ഭാരതത്തെ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമാക്കി മാറ്റുന്നതിന്റെ സേവനം ചെയ്യണം. ആസ്തികരായി മാറുകയും മറ്റുള്ള വരെ മാറ്റുകയും വേണം.

2) ദേഹ-അഹങ്കാരത്തെ ഉപേക്ഷിച്ച് ആത്മാഭിമാനിയായി മാറണം. വിചിത്രനായി (അശരീരി) മാറുന്ന തിന്റെ പുരുഷാർത്ഥം പൂർണ്ണമായും ചെയ്യണം.

### വരദാനം:- ശ്രേഷ്ഠ പുരുഷാർത്ഥത്തിലൂടെ ഓരോ ശക്തി അല്ലെങ്കിൽ ഗുണത്തിന്റെ അനുഭവം ചെയ്യുന്ന അനുഭവീ മൂർത്തിയായി ഭവിക്കൂ

ഏറ്റവും വലിയ അഥോറിട്ടി അനുഭവത്തിന്റേതാണ്. ഏതുപോലെയാണോ ചിന്തിക്കുകയും പറയുകയും ചെയ്യുന്നത്, ആത്മാവ് ശാന്ത സ്വരൂപമാണ്, സുഖ സ്വരൂപമാണ് - ഇതുപോലെ ഓരോരോ ഗുണം അല്ലെങ്കിൽ ശക്തിയുടെ അനുഭവം ചെയ്യൂ, ആ അനുഭവങ്ങളിൽ മുഴുകൂ. ശാന്ത സ്വരൂപമെന്ന് പറയുമ്പോൾ സ്വരൂപത്തിൽ തനിക്കും, മറ്റുള്ളവർക്കും ശാന്തിയുടെ അനുഭൂതി ഉണ്ടാകണം. ശക്തികളുടെ വർണ്ണന നടത്തുന്നുണ്ട് എന്നാൽ ശക്തി അല്ലെങ്കിൽ ഗുണം സമയത്ത് അനുഭവത്തിൽ വരണം. അനുഭവീ മൂർത്തിയാകുന്നത് തന്നെയാണ് ശ്രേഷ്ഠ പുരുഷാർത്ഥത്തിന്റെ ലക്ഷണം. അതുകൊണ്ട് അനുഭവങ്ങളെ വർദ്ധിപ്പിക്കൂ.

### സ്ലോഗൻ:- സമ്പന്നതയുടെ അനുഭൂതിയിലൂടെ സന്തുഷ്ട ആത്മാവാകൂ എങ്കിൽ അപ്രാപ്തിയുടെ പേരോ അടയാളമോ ഉണ്ടായിരിക്കില്ല.